"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ദേശീയ സാമൂഹ്യ സഹായ പദ്ധതി (എൻ. എസ്. എ. പി.) - സോഷ്യൽ ഓഡിറ്റ് - നോഡൽ ഓഫീസറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്. എം.) വകുപ്പ്**

സ.ഉ.(സാധാ) നം.741/2024/LSGD തീയതി,തിരുവനന്തപുരം, 12-04-2024

---

പരാമർശം:-
1. 22-12-2022 ലെ സ.ഉ.(സാധാ)3172/2022/LSGD നമ്പർ ഉത്തരവ്.
2. 23-02-2024 ലെ സ.ഉ.(സാധാ)428/2024/LSGD നമ്പർ ഉത്തരവ്.
3. സോഷ്യൽ ഓഡിറ്റ് യൂണിറ്റ് കേരള ഡയറക്ടറുടെ 13-03-2024 ലെ 78/MGNSASK/NSAP/2024 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ദേശീയ സാമൂഹ്യ സഹായ പദ്ധതി (എൻ. എസ്. എ. പി.) യുടെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് എൻ. എസ്. എ. പി. യിൽ ഉൾപ്പെട്ട പദ്ധതികളുടെ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് യൂണിറ്റിനെ ചുമതലപ്പെടുത്തി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

(2) സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായങ്ങൾ ഉറപ്പാക്കുന്നതിനും സംസ്ഥാനത്ത് നടപ്പാക്കി വരുന്ന എൻ.എസ്.എ.പി പദ്ധതിയുടെ വിശദാംശങ്ങൾ സോഷ്യൽ ഓഡിറ്റ് യൂണിറ്റിന് ലഭ്യമാക്കുന്നതിനും സോഷ്യൽ ഓഡിറ്റ് ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പിലെ ഒരു മുതിർന്ന ഉദ്യോഗസ്ഥനെ സോഷ്യൽ ഓഡിറ്റ് നോഡൽ ഓഫീസർ ആയി ചുമതലപ്പെടുത്തണമെന്ന് പരാമർശം (3) പ്രകാരം സോഷ്യൽ ഓഡിറ്റ് യൂണിറ്റ് കേരള ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശം (1) പ്രകാരം എൻ. എസ്. എ. പി. പദ്ധതിയുടെ നോഡൽ ഓഫീസർ ആയി ചുമതലയുള്ള തദ്ദേശ സ്വയംഭരണ വകുപ്പിലെ ജോയിന്റ് ഡയറക്ടർ ശ്രീമതി. ജോസ്ന മോൾ. എസ് -നെ ദേശീയ സാമൂഹ്യ സഹായ പദ്ധതി (എൻ.എസ്.എ.പി.) യുടെ സോഷ്യൽ ഓഡിറ്റ് നോഡൽ ഓഫീസറായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സെലീന.എ

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ശ്രീമതി. ജോസ്നമോൾ. എസ് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
മിഷൻ ഡയറക്ടർ, MGNREGS സംസ്ഥാന മിഷൻ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, സോഷ്യൽ ഓഡിറ്റ് യൂണിറ്റ് കേരള (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ധനകാര്യ(എസ്.എഫ്.സി-ബി) വകുപ്പ്.
തദ്ദേശ സ്വയംഭരണ (ഡി.ഡി) വകുപ്പ്.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ തിരുവനന്തപുരം
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
വെബ് & ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
Date: 12-04-2024 13:32:46
സെക്ഷൻ ഓഫീസർ